## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 4347

28/06/2012-ൽ മറുപടി
നല്കേണ്ടത്

### ഭൂസംരക്ഷണ സേന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂസംരക്ഷണ സേന നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ഭൂസംരക്ഷണ സേന നിലവിൽ വന്നിട്ടുണ്ട്. ആരംഭഘട്ടമെന്ന രീതിയിൽ ഇടുക്കി ജില്ലയിലാണ് സേനയുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. സായുധസേനയിൽ നിന്നും വിരമിച്ച പതിനഞ്ച് വിമുക്ത ഭടന്മാരെയാണ് ഭൂസംരക്ഷണത്തിനായി ഇടുക്കി ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ ഇപ്പോൾ നിയോഗിച്ചിട്ടുള്ളത്. |
| (ബി) ഇവരുടെ പ്രധാന കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ് ; | (ബി) സർക്കാർ ഭൂമിയിലെ കൈയേറ്റങ്ങൾ തടയുക, ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമി സംരക്ഷിക്കുക എന്നിവയാണ് ഭൂസംരക്ഷണ സേനയുടെ പ്രധാനപ്പെട്ട കർത്തവ്യങ്ങൾ. സർക്കാർ ഭൂമികളിൽ ഏറ്റവും കുറഞ്ഞത് മൂന്ന് പ്രദേശങ്ങളെങ്കിലും ദിനംപ്രതി ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിലെ അംഗങ്ങൾ സന്ദർശിച്ച് പരിശോധിക്കേണ്ടതുണ്ട്. കൈയേറ്റം കണ്ടെത്തുന്ന പക്ഷം അത് നീക്കം ചെയ്യുന്നതിനും, കഴിയാത്ത കൈയേറ്റങ്ങൾക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള അധികാരം ഫോഴ്സിലെ അംഗങ്ങൾക്ക് നല്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

(സി) ഭൂസംരക്ഷണ സേനയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

(സി) ഇടുക്കി ജില്ലയിലെ പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടറുടെ നിയന്ത്രണത്തിലാണ് നടന്നുവരുന്നത്. ഫോഴ്സിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തി മാസം തോറും ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കിവരുന്നു. ഫോഴ്സിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ബീറ്റ് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ പരീക്ഷണാടിസ്ഥാനത്തിലാണ് പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇത് വളരെയധികം പ്രയോജനകരമെന്ന് തെളിയുന്ന പക്ഷം മറ്റ് ജില്ലകളിലേക്കും ഇത്തരം ഫോഴ്സിന്റെ സേവനം വ്യാപിപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ